(ബി) വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം അനുസരിച്ചുള്ള നിയമനം നടത്തിയിട്ടില്ലെങ്കിലും മൊത്തം അദ്ധ്യാപകരുടെ എണ്ണം കണക്കാക്കുമ്പോൾ ഈ അനുപാതം ഏകദേശം പാലിക്കപ്പെടുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഗവൺമെന്റ് ആശുപത്രികളിൽ മരുന്ന് വാങ്ങുന്ന നടപടി

171 (382)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീമതി. രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികൾക്കും ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികൾക്കും എന്തെല്ലാം മരുന്നുകളും, ചികിൽസയുമായി ബന്ധപ്പെട്ട മറ്റു സാധനങ്ങളുമാണ് വാങ്ങേണ്ടതെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഗവൺമെന്റിന്റെ തീരുമാനത്തിൽപ്പെടാത്ത എത്രയിനം മരുന്നുകൾ പ്രസ്തുത ആശുപത്രികൾക്കു വേണ്ടി വാങ്ങിയിട്ടുണ്ട്;

(സി) ഇവയുടെ വില എത്രയാണ്;

(ഡി) ഗവൺമെന്റ് തീരുമാനത്തിൽപ്പെടാത്ത മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങുന്നത് എന്താടിസ്ഥാനത്തിലാണ്;

(ഇ) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്)ഗവൺമെന്റ് തീരുമാനത്തിൽപ്പെടാത്ത മരുന്നുകൾ വാങ്ങാൻ തീരുമാനമെടുത്തവരുടെ പേരിൽ എന്തു നടപടിയെടുത്തു എന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 28.5.93 ലെ ജി.ഒ (എം.എസ്)63/93/ആ.കു.വ. അനുസരിച്ച് ഒരു മെഡിക്കൽ ഫോർമുലറി/വൊക്കാബുലറി പ്രിസ്ക്രൈബർ ഗൈഡ് പുറത്തിറക്കിയിട്ടുണ്ട്. ഇതിൽപ്പെടാത്ത മരുന്നുകൾ പുതുതായി ഉൾപ്പെടുത്തുവാൻ 29.11.'96 ലെ ഗവൺമെന്റ് കത്ത് നം: 57793/ജെ:1/96/ആ.കു.വ പ്രകാരം സി.പി.സി. ക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി)&(സി) ഗവൺമെന്റ് തീരുമാനത്തിൽപ്പെടാത്ത മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി വാങ്ങിയിട്ടില്ല. എന്നാൽ ഏതെങ്കിലും ആശുപത്രികളിൽ സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ ഉൾപ്പെടുത്താത്ത ഇനം മരുന്നുകൾ ആവശ്യമായി വന്നാൽ ആയത് ലോക്കൽ പർച്ചേസ് വഴി വാങ്ങാൻ ആശുപത്രി സൂപ്രണ്ടിന് അധികാരം ഉണ്ട്.

(ഡി) ഗവൺമെന്റ് തീരുമാനത്തിൽപ്പെടാത്ത മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങിയിട്ടില്ല. 29.11.'96 ലെ ഗവൺമെന്റ് കത്ത് നം:

LIBRARY ARCHIVES Kerala Legislative Assembly

57793/ജെ1/96/ആ.കു.വ. അനുസരിച്ച് സെൻട്രൽ പർച്ചേസ് കമ്മിറ്റിക്ക് പുതിയ മരുന്നുകൾ ഉൾപ്പെടുത്തുവാൻ അധികാരം നൽകിയിട്ടുണ്ട്.

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ, ധനകാര്യ വകുപ്പ്, സ്റ്റോർ പർച്ചേസ് വകുപ്പ് എന്നിവയുടെ പ്രതിനിധികളും ആണ് ഈ കമ്മിറ്റിയിലെ അംഗങ്ങൾ.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ ഒഴിവുകൾ

171 (882)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് പാർട്ട്-ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ തസ്തികകളിൽ നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നിയമനത്തിനായി ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം എക്സ്ചേഞ്ചുകളിൽ നിന്ന് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള അപേക്ഷകരെ നിയമനത്തിനായി പരിഗണിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള നിയമത്തിലെയും ഉത്തരവുകളിലെയും വ്യവസ്ഥകളനുസരിച്ചാണ് നിയമനം നടത്തുന്നത്.

(സി)&(ഡി) നിയമനത്തിന് വേണ്ട യോഗ്യതയുള്ളവരുടെ പാനൽ അയച്ചുതരുവാൻ കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് ആവശ്യപ്പെടുകയും ലിസ്റ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടാണ് പാനൽ അയച്ചുതരുവാൻ ആവശ്യപ്പെടാറുള്ളത്. അവർ ജില്ലയിലെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ പേര് അയച്ചു തരാറുണ്ട്.

എൻ.എഫ്.സി.പി. യിൽ ജോലി ചെയ്യുന്ന ഫീൽഡ് വർക്കേഴ്സ്

173(884)ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly